പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/123582/2018/എച്ച്.എസ്.ഇ.** **തീയതി. 26/11/2019**

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2019-20 - പ്ലസ്ടു റിന്യൂവലിന് അർഹതയുള്ളവരുടെ ഡാറ്റാ എൻട്രി ആരംഭിച്ചത്- സംബന്ധിച്ച്.

**സൂചന-** 02/11/2019, 08/11/2019, 18/11/2019 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പിന്റെ പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള റിന്യൂവലിനുള്ള ലിങ്ക്, ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പോർട്ടലായ scholarship.dhse.kerala.gov.in ൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലെ ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

- ബി.പി.എൽ. സ്കോളർഷിപ്പിന്റെ **ജനറൽ കാറ്റഗറിയിൽ** കഴിഞ്ഞ വർഷം (2018-19) ൽ പ്ലസ്വൺ വിദ്യാർത്ഥികളായിരിക്കെ തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ മാത്രമേ നൽകുവാൻ പാടുള്ളൂ.
- SC/ST, Arts/Sports/IED എന്നീ വിഭാഗങ്ങളിൽ പ്ലസ്വൺ വിദ്യാർത്ഥികളായിരിക്കെ, സ്കോളർഷിപ്പ് നേടിയവർക്ക് റിന്യൂവലിനുള്ള ലിങ്ക് പിന്നീട് ലഭ്യമാക്കുന്നതായിരിക്കും. **ജനറൽ വിഭാഗത്തിൽ** റിന്യൂവലിന് അർഹതയുള്ളവരുടെ വിശദാംശങ്ങൾ മാത്രം നൽകിയാൽ മതി.
- കഴിഞ്ഞ വർഷം (2018-19) ജനറൽ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്വൺ പൊതുപരീക്ഷയിൽ -
  - D+ കുറയാത്ത ഗ്രേഡും, 70% കുറയാത്ത ഹാജരുമുണ്ടെങ്കിൽ പ്ലസ്ടു ക്ലാസിലും സ്കോളർഷിപ്പിന് അർഹതയുണ്ട്. സ്കൂൾതല സെലക്ഷൻ കമ്മിറ്റി ആയത് ഉറപ്പുവരുത്തി രേഖകൾ സഹിതം മിനിട്ടു ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം പരിഗണിക്കുമ്പോൾ മാർച്ച് മാസത്തിലെ പരീക്ഷയിൽ മേൽ വ്യവസ്ഥ പാലിക്കുന്നില്ലെങ്കിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ആയത് നേടിയിട്ടുണ്ടെങ്കിൽ പരിഗണിക്കേണ്ടതാണ്.

- ഏതെങ്കിലും വിദ്യാർത്ഥികൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ ടി വിദ്യാർത്ഥിക്ക് പ്ലസ്ടു റിന്യൂവലിന് അർഹതയുണ്ടാവുന്നതല്ല. പ്രസ്തുത സാഹചര്യത്തിൽ മുൻവർഷത്തെ ജനറൽ കാറ്റഗറി റാങ്ക്പട്ടികയിൽ നിന്നും അർഹതയുള്ള വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകാവുന്നതാണ്.
- ഡാറ്റാ എൻട്രി ചെയ്യുമ്പോൾ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പുതിയ ഗുണഭോക്താവിന്റെ വിശദാംശങ്ങൾ വേണം നൽകാൻ. റിന്യൂവലിന് അർഹരായിട്ടുള്ളവരില്ലാത്തപക്ഷം, വിശദാംശങ്ങൾ നൽകേണ്ടതില്ല.

➢ പ്ലസ്ടു ക്ലാസ്സിൽ പ്രത്യേകം അപേക്ഷ ക്ഷണിക്കേണ്ടതില്ല. പ്ലസ്വണ്ണിൽ സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും പ്ലസ് വൺ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ വാങ്ങി ശേഖരിച്ച് സൂക്ഷിച്ചാൽ മതി.

➢ റിന്യൂവലിന് അർഹതയുള്ളവരുടെ വിശദാംശങ്ങൾ സൂക്ഷ്മപരിശോധന നടത്തി അർഹത ഉറപ്പു വരുത്തേണ്ടത് സ്കൂൾതലത്തിലുള്ള കമ്മിറ്റിയാകുന്നു. റിന്യൂവലിന് അർഹതയുള്ളവരുടെ വിശദാംശങ്ങൾ മാത്രമേ പോർട്ടലിൽ നൽകാവൂ.

➢ **ജനറൽ കാറ്റഗറി റിന്യൂവലിനുള്ള ഡാറ്റാ എൻട്രി 30/11/2019 ന് വൈകിട്ട് 3 മണിയ്ക്കകം പൂർത്തിയാക്കിയിരിക്കണം.**

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**